General **Social Science** Set A

**Performa for Scoring & Marking Scheme**

| Qn. No | Score | Value Points | Instructions |
|---|---|---|---|
| 1 | 1 | C) മൈക്കലാഞ്ചലൊ | |
| 2 | 1 | A) i-c, ii-a, iii-d, iv-b | |
| 3 | 1 | A) താങ്ങാവുന്നതും ശുദ്ധവുമായ ഊർജം | |
| 4 | 1 | A) i, ii ശരി iii തെറ്റ് | |
| 5 | 1 | C) ii, iv ശരി i, iii തെറ്റ് | |
| 6 | 1 | A) 1986 ലെ ഉപഭോക്തൃ സംരക്ഷണ നിയമം | |
| 7 | 1 | D) a-iv, b-iii, c-ii | |
| 8 | 1 | A) i, ii, iv ബന്ധമുള്ളവയാണ് | |
| 9 | 2 | • ഭാഗികമായ അറിവുകൾ നൽകുന്നു<br>• ശീലങ്ങളെയോ ഊഹാപോഹങ്ങളെയോ ആശ്രയിക്കുന്നു<br>• സങ്കീർണ്ണമായ സാമൂഹിക പ്രശ്നങ്ങളെ മനസിലാക്കാൻ കഴിയില്ല.<br>• ശാസ്ത്രീയമായ നിരീക്ഷണങ്ങളുടെയോ പഠനങ്ങളുടെയോ അടിസ്ഥാനമില്ല.<br>• സാമാന്യബോധജ്ഞാനം വാർപ്പുമാതൃകകളെ അടിസ്ഥാനമാക്കുന്നു.<br>(ഏതെങ്കിലും 2 പോയിന്റുകൾ) | |
| 10 | 2 | • കൽക്കരി<br>• ലോഹസംസ്കരണം<br>• മെഴുക്, തൈലങ്ങൾ, ഔഷധങ്ങൾ, കീടനാശിനികൾ, നിറക്കൂട്ടുകൾ എന്നിവ നിർമ്മിക്കാൻ ഉപയോഗിക്കുന്നു<br>• താപവൈദ്യുതിയുടെ പ്രധാന ഊർജസ്രോതസായി ഉപയോഗിക്കുന്നു<br>(അനുയോജ്യമായ പോയിന്റുകൾ ഉൾപ്പെടുത്താം) | |
| 11 | 2 | കച്ചവടമുതലാളിത്തം :<br>• കച്ചവടമുതലാളിമാർ ഗ്രാമത്തിലെ കൈത്തൊഴിലുകാർക്ക് അസംസ്കൃത വസ്തുക്കൾ വിതരണം ചെയ്തു. കൈത്തൊഴിലുകാർ അവരുടെ വീടുകൾ കേന്ദ്രീകരിച്ച് ഉൽപാദനം നടത്തി. | |

© State Assessment Cell, SCERT Kerala

| | | | |
|---|---|---|---|
| | | • ഉൽപാദകരുടെയും ഉപഭോക്താക്കളുടെയും ഇടയിലെ മധ്യവർത്തികളായി കച്ചവടമുതലാളിമാർ മാറി<br>വ്യാവസായിക മുതലാളിത്തം:<br>• വ്യാവസായിക മുതലാളിത്തത്തിൽ വ്യവസായികൾ വ്യവസായശാലകളുടെ ഉടമസ്ഥരാകുകയും വൻതോതിൽ ലാഭം നേടുകയും ചെയ്തു. ഇതോടെ കച്ചവട മുതലാളിത്തം വ്യാവസായിക മുതലാളിത്തത്തിന് വഴിതെളിച്ചു. | |
| 12 | 2 | • സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾക്കെതിരെ ഡൽഹിയിൽ രൂപപ്പെട്ട ബഹുജനമുന്നേറ്റം<br>• സ്ത്രീകൾക്കെതിരെയുള്ള ലൈംഗിക അതിക്രമങ്ങൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുക, ഇത്തരം കേസുകളിൽ നിയമനടപടി വേഗത്തിലാക്കുക, മാതൃകാപരമായ ശിക്ഷ ഉറപ്പാക്കുക തുടങ്ങിയവയായിരുന്നു പ്രധാന ആവശ്യങ്ങൾ | |
| 13 | 2 | • സസ്യങ്ങൾ വച്ചുപിടിപ്പിക്കുക,<br>• മലിനീകരണം തടയുക,<br>• പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറക്കുക,<br>• വനനശീകരണം തടയുക,<br>(അനുയോജ്യമായ പോയിന്റുകൾ ഉൾപ്പെടുത്താം) | |
| 14 | 2 | • കർഷകർക്കും തൊഴിലാളികൾക്കും വേണ്ടിയുള്ള സമരങ്ങൾ<br>• പ്രാദേശിക സമരങ്ങൾ<br>• അഹിംസയിൽ അധിഷ്ഠിതമായ ഗാന്ധിജിയുടെ സത്യഗ്രഹസമര രീതി ഇന്ത്യക്കാർ പരിചയപ്പെട്ടു<br>(ഏതെങ്കിലും 2 എണ്ണം) | |
| 15 | 2 | • ഭൂവൽക്കത്തിനുള്ളിൽ ഊർജം സ്വതന്ത്രമാക്കപ്പെടുന്ന കേന്ദ്രത്തെ ഭൂകമ്പത്തിന്റെ പ്രഭവ കേന്ദ്രം എന്നുപറയുന്നു.<br>• പ്രഭവ കേന്ദ്രത്തോട് അടുത്ത് സ്ഥിതി ചെയ്യുന്ന ഭൗമോപരിതല കേന്ദ്രത്തെ അധികേന്ദ്രം എന്ന് വിളിക്കുന്നു. | |
| 16 | 3 | രാഹുലിന്റെ അച്ഛന് ബന്ധപ്പെട്ട ഓഫീസിലോ ഉപഭോക്തൃ കോടതികളിലോ പരാതി നൽകാം. വെള്ളപേപ്പറിൽ പരാതി വിശദമായി എഴുതി | |

© State Assessment Cell, SCERT Kerala

| | | | |
|---|---|---|---|
| | | ഉപഭോക്തൃകോടതിയിൽ നേരിട്ട് സമർപ്പിക്കാവുന്നതാണ്. സാധന സാമഗ്രികൾ വാങ്ങുമ്പോൾ ലഭിക്കുന്ന ബില്ല് പരാതിയോടൊപ്പം സമർപ്പിക്കേണ്ടതാണ്. | |
| 17 | 3 | • സ്പാനിഷ് പോർച്ചുഗീസ് രാജാക്കന്മാർ കോളനിവ്യാപാരം നേരിട്ട് നിയന്ത്രിച്ചു. അങ്ങനെ സമ്പാദിച്ച പണം അവർ കൊട്ടാരങ്ങൾ പണിയാനും മോടിപിടിപ്പിക്കാനുമായി ഉപയോഗിച്ചു.<br>• അതേസമയം ഇംഗ്ലണ്ടിലെ വ്യാപാരം നിയന്ത്രിച്ച ജോയിന്റ് സ്റ്റോക്ക് കമ്പനികൾ അവരുടെ ലാഭം വീണ്ടും വീണ്ടും ബിസിനസ്സുകളിൽ നിക്ഷേപം നടത്തുകയും ഇത് ഇംഗ്ലണ്ടിലെ വ്യവസായങ്ങളുടെ വളർച്ചയ്ക്ക് ഗണ്യമായ സംഭാവനകൾ നൽകുകയും ചെയ്തു. | |
| 18 | 3 | a) ഭൂമധ്യരേഖാ പ്രദേശത്ത് വർഷം മുഴുവൻ സൂര്യരശ്മികൾ ലംബമായി പതിക്കുന്നതിനാൽ വർഷം മുഴുവൻ ഉയർന്ന താപനിലയ്ക്ക് കാരണമാകുന്നു.<br>b) പ്രഭാതത്തിൽ മിതമായ താപനിലയാണ് അനുഭവപ്പെടുന്നതെങ്കിലും ക്രമേണ താപനില വൻതോതിൽ ഉയരുന്നു. ഇത് ഉയർന്ന തോതിലുള്ള ബാഷ്പീകരണത്തിനും ഉച്ചകഴിഞ്ഞുള്ള സംവഹന മഴയ്ക്കും കാരണ മാകുന്നു.<br>c) ഉയർന്ന താപനിലയും ശക്തമായ മഴയും സസ്യജാലങ്ങളുടെ സമൃദ്ധമായ വളർച്ചയ്ക്ക് വഴിയൊരുക്കുന്നു. | |
| 19 | 3 | A)<br>• സന്താൾ കലാപം – ഭൂവുടമകളുടെയും പണമിടപാടുകാരുടെയും ബ്രിട്ടീഷുകാരുടെയും ചൂഷണം, പൂർവിക ഭൂമിയിൽ നിന്നുള്ള നിർബന്ധിത കുടിയിറക്കം<br>പ്രധാന നേതാക്കൾ - സിദ്ധു മുർമു, കൻഹു മുർമു<br>• മുണ്ടകലാപം – ഭൂവുടമകളുടെ ചൂഷണവും അടിച്ചമർത്തലും<br>• ഭൂവുടമസ്ഥതയിന്മേലുള്ള ബ്രിട്ടീഷ് ഇടപെടൽ | |

© State Assessment Cell, SCERT Kerala

| | | | |
|---|---|---|---|
| | 3 | പ്രധാന നേതാവ് – ബിർസ മുണ്ട<br>• കുറിച്യ – കുറുമ്പ കലാപം – അമിതമായ നികുതി, നിർബന്ധിത കുടിയിറക്കൽ, ഭൂമി കണ്ടുകെട്ടൽ<br>പ്രധാന നേതാവ് – രാമൻ നമ്പി<br>**അല്ലെങ്കിൽ**<br>B)<br>• സാംസ്കാരിക പാരമ്പര്യങ്ങളെ ജൈവികമാക്കുന്നു.<br>വാമൊഴിപ്പാട്ടുകളിലൂടെ പരമ്പരാഗതമൂല്യങ്ങൾ, സാമൂഹികവഴക്കങ്ങൾ, ചരിത്ര സംഭവങ്ങൾ മുതലായവ സംരക്ഷിക്കപ്പെടുന്നു.<br>വാമൊഴിയിലൂടെയും വരമൊഴിയിലൂടെയും സമൂഹത്തിന്റെ പാരമ്പര്യത്തെ ജൈവികമാക്കുന്നു.<br>ഓരോ സമൂഹത്തിന്റെയും പാരമ്പര്യങ്ങളും കഥകളും മൂല്യങ്ങളും സംസ്കാരത്തെ പരിപോഷിപ്പിക്കുന്നു.<br>• സ്വത്വബോധം നൽകുന്നു.<br>മലയാളം സംസാരിക്കുന്നവർ മലയാളികൾ എന്നറിയപ്പെടുന്നപോലെ ഭാഷ വ്യക്തികളെ സ്വത്വവുമായി ബന്ധിപ്പിക്കുന്നു.<br>ഉദ: തമിഴർ, ബീഹാറികൾ, പഞ്ചാബികൾ<br>• സാംസ്കാരിക വൈവിധ്യങ്ങളോടുള്ള ബഹുമാനവും സഹവർത്തിത്വവും വളർത്തുന്നു.<br>വിവിധ ഭാഷകളിലൂടെ വ്യത്യസ്ത സംസ്കാരങ്ങളെക്കുറിച്ചറിയാനും ബഹുമാനിക്കാനും സഹവർത്തിത്വം വളർത്താനും കഴിയുന്നു. | |
| 20 | 3 | • ബാങ്കുകൾ തങ്ങൾക്ക് ലഭിച്ച നിക്ഷേപത്തിന്റെ ഒരു ഭാഗം കരുതൽ ധനമായി സൂക്ഷിച്ചുവയ്ക്കുകയും ബാക്കി സംരംഭകർക്ക് വായ്പയായി നൽകുകയും ചെയ്യുന്നു.<br>• ഇടപാടുകാർക്ക് നൽകുന്ന വിവിധ വായ്പകൾക്ക് വാണിജ്യബാങ്കുകൾ പലിശ ഈടാക്കാറുണ്ട്.<br>• നിക്ഷേപകർക്ക് നൽകുന്ന പലിശ നിരക്കിനേക്കാൾ കൂടിയ നിരക്കിലുള്ള പലിശയായിരിക്കും വായ്പ എടുക്കുന്നവരിൽ നിന്നും ഈടാക്കുന്നത്. | |

© State Assessment Cell, SCERT Kerala

| | | | |
|---|---|---|---|
| | | • നിക്ഷേപകർക്ക് നൽകുന്ന പലിശയും വായ്പ എടുക്കുന്നവരിൽ നിന്നും ഈടാക്കുന്ന പലിശയും തമ്മിലുള്ള വ്യത്യാസമാണ് ബാങ്കുകളുടെ വരുമാനം. | |
| 21 | 3<br><br>3 | A)<br>• നർമ്മദാ ബച്ചാവോ ആന്ദോളൻ<br>• ഗോത്രവർഗജനതയുടെ കുടിയൊഴിപ്പിക്കലിനെതിരെ പ്രവർത്തിച്ചു<br>• തദ്ദേശീയ ജനതയുടെ ജീവനോപാധികൾ സംരക്ഷിക്കുന്നതിനായി പ്രവർത്തിച്ചു<br>• നീതിപൂർവമല്ലാത്ത കുടിയൊഴിപ്പിക്കലിനും പുനരധിവാസത്തിനും എതിരായി നിലകൊണ്ടു.<br>**അല്ലെങ്കിൽ**<br>B) ഖാലിസ്ഥാൻ പ്രസ്ഥാനം:<br>• സിഖ് ജനതയ്ക്ക് ഖാലിസ്ഥാൻ എന്ന രാഷ്ട്ര രൂപീകരണത്തിനായി ഉയർന്നുവന്ന പ്രസ്ഥാനം<br>• സിഖ് ജനവിഭാഗത്തിലെ തീവ്രവിഭാഗം നേതൃത്വം നൽകി.<br>• സായുധമാർഗം സ്വീകരിച്ചു<br>• സുവർണ്ണക്ഷേത്രം കലാപകേന്ദ്രമാക്കി മാറ്റി<br>ജമ്മുകാശ്മീരിലെ വിഘടനവാദ പ്രസ്ഥാനം:<br>• കാശ്മീരിനെ വിഭജിച്ച് സ്വതന്ത്രരാഷ്ട്രമാക്കുകയോ പാകിസ്ഥാനിൽ ചേർക്കുകയോ എന്ന ലക്ഷ്യത്തോടെ രൂപം കൊണ്ടു.<br>• ഇവരുടെ സായുധ ആക്രമണങ്ങൾ രാജ്യത്തിന്റെ ഐക്യത്തിനും അഖണ്ഡതയ്ക്കും ഭീഷണി ഉയർത്തി. | |
| 22 | 3 | • രണ്ടാം ലോകയുദ്ധകാലത്ത് സിംഗപ്പൂരിലെത്തിയ സുഭാഷ് ചന്ദ്രബോസ് ഇന്ത്യൻ നാഷണൽ ആർമിയുടെ നേതൃത്വം ഏറ്റെടുത്തു.<br>• ജപ്പാൻ പട്ടാളത്തോടൊപ്പം ചേർന്ന് ഇന്ത്യയെ മോചിപ്പിക്കാൻ ശ്രമം.<br>• ഐ.എൻ.എ. ഭടന്മാരുടെ വിചാരണയും അതിനെതിരെയുള്ള ജനകീയ പ്രതിഷേധവും തുടർന്നുള്ള പ്രക്ഷോഭങ്ങളും | |
| 23 | 3 | പണപ്പെരുപ്പം നിയന്ത്രണാതീതമായി വർധിക്കുമ്പോൾ റിപ്പോ, റിവേഴ്സ് റിപ്പോ നിരക്കുകളിൽ ആർ.ബി.ഐ. വർധനവ് വരുത്തുന്നു. ആർ.ബി.ഐ. നിരക്കുകൾ മാറ്റുമ്പോൾ വാണിജ്യ | |

© State Assessment Cell, SCERT Kerala

| | | | |
|---|---|---|---|
| | | ബാങ്കുകളും ഈ നിരക്കുകളിൽ മാറ്റം വരുത്തുന്നു. ഈ നിരക്കുകൾ കൂടുമ്പോൾ വാണിജ്യബാങ്കുകൾക്ക് വായ്പയ്ക്ക് ലഭ്യമായ പണത്തിന്റെ അളവ് കുറയുന്നു. കാരണം റിവേഴ്സ് റിപ്പോ നിരക്ക് കൂടുതലാകുമ്പോൾ വാണിജ്യ ബാങ്കുകൾ റിസർവ് ബാങ്കിൽ നിക്ഷേപിക്കുന്ന പണത്തിന്റെ അളവ് കൂടുതലായിരിക്കും. അതുപോലെ റിപ്പോനിരക്കുകൾ വർധിക്കുമ്പോൾ പൊതുജനങ്ങൾ എടുക്കുന്ന വായ്പയുടെ അളവ് കുറയുന്നു. അതുമൂലം സമ്പദ്വ്യവസ്ഥയിൽ ലഭ്യമായ പണത്തിന്റെ അളവ് കുറയും. പലിശനിരക്ക് വർധിക്കുമ്പോൾ ജനങ്ങൾ ഉപഭോഗം കുറയ്ക്കുകയും സമ്പാദ്യ നിക്ഷേപത്തിനായി പണം നീക്കി വയ്ക്കുകയും ചെയ്യും. അങ്ങനെ പണം ബാങ്കുകളിലേക്ക് എത്തുന്നു. സമ്പദ് വ്യവസ്ഥയിൽ പണത്തിന്റെ അളവ് കുറയുകയും പണപ്പെരുപ്പം നിയന്ത്രണ വിധേയമാവുകയും ചെയ്യുന്നു. | |
| 24 | 4<br><br>4 | A)<br>• ഫ്രഞ്ചുപാർലമെന്റിനെ 3 എസ്റ്റേറ്റുകൾ ആയി തിരിച്ചിരുന്നു - ഭൂരിപക്ഷം മൂന്നാമത്തെ എസ്റ്റേറ്റിന് – ഒരു സഭയ്ക്ക് ഒരു വോട്ട് എന്നതായിരുന്നു രീതി. ഒന്നും രണ്ടും എസ്റ്റേറ്റുകൾ ഒത്തുചേർന്ന് ഭൂരിപക്ഷം ഉറപ്പാക്കി. മൂന്നാം എസ്റ്റേറ്റിന്റെ പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടി രുന്നില്ല. ഫ്രഞ്ച് ദേശീയ സഭ സമ്മേളിക്കുന്ന ഹാൾ ലൂയി പതിനാറാമൻ അടച്ചു. മൂന്നാം എസ്റ്റേറ്റുകൾ തൊട്ടടുത്ത ടെന്നീസ് കോർട്ടിൽ സമ്മേളിച്ച് 1789 ജൂൺ 20ന് പ്രതിജ്ഞയെടുത്തു.<br>• ഴാങ് – സിൽവിയൻ ബൈലി, അബ്ബേസീയെസ്, മിറാബോ എന്നിവരുടെ നേതൃത്വത്തിൽ ദേശീയ സഭയുടെ സമ്മേളനം<br>**അല്ലെങ്കിൽ**<br>B)<br>ഒന്നാം എസ്റ്റേറ്റിനും രണ്ടാം എസ്റ്റേറ്റിനും നിരവധി ആനുകൂല്യങ്ങളും അധികാരങ്ങളും ഉണ്ടായിരുന്നു.<br>മൂന്നാം എസ്റ്റേറ്റ് – സാധാരണക്കാർ - ദാരിദ്ര്യം – നികുതികൾ നൽകണം<br>പ്രതിഫലമില്ലാത്ത നിർബന്ധിതസേവനം മധ്യവർഗത്തിന്റെ വളർച്ച – മധ്യവർഗത്തിന്റെ അസംതൃപ്തി തുടങ്ങിയ ആശയങ്ങൾ വിശദമാക്കണം. | |

© State Assessment Cell, SCERT Kerala

| | | | |
|---|---|---|---|
| 25 | 4 | A. ഥാർ മരുഭൂമി<br>B. ടൈഗെ<br>C. സാവന്ന<br>D. അറ്റക്കാമ | |
| 26 | 4 | A)<br>$PQLI = \frac{(LEI+IMI+BLI)}{3}$<br>BLI – അടിസ്ഥാന സാക്ഷരതാ സൂചിക<br>എഴുതാനും വായിക്കാനും കഴിയുന്ന ജനസംഖ്യയുടെ ശതമാനം<br>IMI – ശിശുമരണ നിരക്ക് സൂചിക<br>ആയിരം സജീവ ജനനങ്ങളിൽ ഒരു വയസ് തികയുന്നതിന് മുമ്പ് മരണപ്പെടുന്ന കുഞ്ഞുങ്ങളുടെ എണ്ണത്തെ സൂചിപ്പിക്കുന്നു.<br>LEI – ആയൂർദൈർഘ്യം<br>ഒരു മനുഷ്യൻ ശരാശരി എത്രവർഷം ജീവിച്ചിരിക്കുന്നു എന്നതിന്റെ അടിസ്ഥാനത്തിലേക്ക് ആയുർദൈർഘ്യം കണക്കാക്കുന്നത്.<br>**അല്ലെങ്കിൽ** | |
| | 4 | B)<br>1. ആവിയന്ത്രത്തിന്റെ കണ്ടുപിടിത്തം<br>• ഫാക്ടറി സംവിധാനം നിലവിൽ വന്നു<br>• ഉൽപാദനത്തിലും ഗതാഗതത്തിലും മാറ്റങ്ങൾ ഉണ്ടായി<br>2. വൈദ്യുതി<br>• ആവി എഞ്ചിന് പകരം വൈദ്യുതി ഉപയോഗിച്ചു<br>• പുതിയ ഉൽപാദന വിതരണ മേഖലകളിലേക്ക് വ്യാപിക്കുകയും ചെയ്തു<br>3. ഇലക്ട്രോണിക്സ് ആന്റ് ഓട്ടോമേഷൻ<br>• ഫാക്ടറികളിൽ റോബോട്ടിക്സ് ഓട്ടോമേഷൻ എന്നിവയുടെ ഉപയോഗം<br>4. നൂതന സാങ്കേതിക വിദ്യകളുടെ കാലം<br>• IOT സെൻസറുകൾ, ബിഗ് ഡാറ്റാ അനലിറ്റിക്സ്, ക്ലൗഡ് കമ്പ്യൂട്ടിംഗ്, നാനോ ടെക്നോളജി | |

© State Assessment Cell, SCERT Kerala

| | | | |
|---|---|---|---|
| | | 5. AI ഉൾപ്പെടെയുള്ള ഡിജിറ്റൽ സാങ്കേതികവിദ്യകളിൽ മനുഷ്യകേന്ദ്രീകൃത സമീപനം<br>• AI, IOT, റോബോട്ടിക്സ് തുടങ്ങിയ സാങ്കേതികവിദ്യകളിലൂടെ സുസ്ഥിരമായ ഉൽപാദന വർധനവും സ്മാർട്ട് ഫാക്ടറികളുടെ വ്യാപനവും | |
| 27 | 4 | • രക്ഷിതാക്കളുമായുള്ള ചർച്ചകളിൽ പങ്കാളികളാകുന്നു.<br>• ഒരു കുട്ടിയുടെ സാമൂഹീകരണ പ്രക്രിയ ആരംഭിക്കുന്നത് കുടുംബങ്ങളിൽ നിന്നാണ്.<br>• കുടുംബത്തിൽ നടക്കുന്ന ചർച്ചകളിലും സംഭാഷണങ്ങളിലും കുട്ടി പങ്കാളിയോ സാക്ഷിയോ ആണ്.<br>• കുട്ടിയുടെ അഭിപ്രായ രൂപീകരണത്തെ സ്വാധീനിക്കുന്നു.<br>• ചർച്ചകളിൽ രാഷ്ട്രീയം, വിശ്വാസം, മതം, സാഹിത്യം തുടങ്ങി വിവിധ വിഷയങ്ങൾ ഉൾക്കൊള്ളുന്നു. | |
| 28 | 4 | • സോവിയറ്റ് യൂണിയന്റെ സാമ്പത്തികാസൂത്രണം മാതൃകയാക്കൽ<br>• മിശ്രസമ്പദ്‌വ്യവസ്ഥയ്ക്ക് ഊന്നൽ<br>• കാർഷിക വ്യാവസായിക മേഖലകൾ മെച്ചപ്പെടുത്താനുള്ള നയങ്ങൾ - നദീതടപദ്ധതികൾ<br>• പൊതുമേഖലയിലെ ഇരുമ്പുരുക്കു വ്യവസായശാലകൾ - ബാങ്ക് ദേശസാൽക്കരണം<br>• പൊതുമേഖലയെ ശക്തിപ്പെടുത്തിക്കൊണ്ടുള്ള രാജ്യ പുരോഗതി പഞ്ചവത്സരപദ്ധതികളിലൂടെ ഇന്ത്യ ലക്ഷ്യം വച്ചു. | |
| 29 | 4 | A)<br>ഭൂകമ്പങ്ങൾ ദ്രുതചലനങ്ങളും ഫലകചലനങ്ങൾ മന്ദചലനങ്ങളുമാണ്. ചലിച്ചുകൊണ്ടിരിക്കുന്ന ഫലകങ്ങൾക്കിടയിൽ ഉണ്ടാകുന്ന ഘർഷണമാണ് ഭൂകമ്പങ്ങൾക്ക് കാരണം. ഫലകങ്ങൾ ചലിക്കുമ്പോൾ അവയുടെ അതിരുകളിൽ ഘർഷണം ഉണ്ടാകുന്നു. ഇത് ഫലകങ്ങളുടെ ചലനത്തെ തടസ്സപ്പെടുത്തു കയും ഫലകാതിരുകളിൽ ഉയർന്ന സമ്മർദം ഉണ്ടാക്കുകയും ചെയ്യുന്നു. ഇത്തരത്തിൽ സമ്മർദം ഉണ്ടാകുമ്പോൾ ഉയർന്ന തോതിൽ ഊർജം സംഭരിക്കപ്പെടുകയും ഈ ഊർജം സ്വതന്ത്രമാക്ക | |

© State Assessment Cell, SCERT Kerala

| | | | |
|---|---|---|---|
| | 4 | പ്പെടുമ്പോൾ ഇത് തരംഗ രൂപേണ ഭൂമിക്കുള്ളിൽ സഞ്ചരിക്കുകയും ചെയ്യുന്നു. ഇത്തരത്തിൽ ഭൂകമ്പങ്ങൾ അഥവാ ഭൂചലനങ്ങൾ ഉണ്ടാകുന്നു. അതായത് മന്ദചലനങ്ങളായ ഫലകചലനങ്ങൾ ദ്രുതചലനങ്ങളായ ഭൂകമ്പങ്ങൾക്ക് കാരണമാകുന്നു.<br>**അല്ലെങ്കിൽ**<br>B)<br>അന്ത്യർജന്യ ചലനങ്ങൾ<br>• ഭൂമിയുടെ അന്തർഭാഗത്ത് വ്യത്യസ്ത തീവ്രതയിൽ പ്രവർത്തിക്കുന്ന പ്രക്രിയകളാണ് അന്തർജന്യ ചലനങ്ങൾ.<br>• ഭൂമിക്കുള്ളിലെ അണുപ്രസരണം, ആദിമതാപം, ഭൂമിയുടെ ഭ്രമണം, ഭൗമതാപവ്യതിയാനം, സംവ ഹന പ്രവാഹം തുടങ്ങിയവയാണ് അന്തർജന്യ പ്രക്രിയകൾക്ക് കാരണം.<br>ബാഹ്യജന്യ ചലനങ്ങൾ<br>• ഭൗമോപരിതലത്തിൽ വ്യത്യസ്ത തീവ്രതയിൽ പ്രവർത്തിക്കുന്ന പ്രക്രിയകളാണിവ.<br>• ഭൂപ്രദേശങ്ങളുടെ ചരിവ്, ഭൂഗുരുത്വാകർഷണം, ഒരു വസ്തു മറ്റൊരു വസ്തുവിന്മേൽ ചെലുത്തുന്ന സമ്മർദം, താപവ്യതിയാനവും മറ്റും മൂലം തന്മാത്രകളിൽമേലുള്ള സമ്മർദം, ഒഴുകുന്ന ജലം, ഹിമാനികൾ, കാറ്റ്, ഭൂഗർഭജലം, തിരമാല, വിവിധ രാസ പ്രവർത്തനങ്ങൾ തുടങ്ങിയവയാണ് ബാഹ്യ ജന്യപ്രക്രിയകൾക്ക് കാരണം. | |
| 30 | 5 | A)<br>• 1942 ക്വിറ്റ് ഇന്ത്യ സമരം<br>• പ്രമുഖ നേതാക്കളുടെ അറസ്റ്റ്<br>• വിദ്യാർഥികൾ, യുവജനങ്ങൾ, തൊഴിലാളികൾ, സ്ത്രീകൾ തുടങ്ങിയവരുടെ പങ്കാളിത്തം<br>• പോസ്റ്റ് ഓഫീസുകൾ, കമ്പിത്തപാൽ ആഫീസുകൾ, റെയിൽവെ സ്റ്റേഷനുകൾ എന്നിവ ആക്രമിക്കൽ<br>• ജയപ്രകാശ് നാരായൺ, റാം മനോഹർ ലോഹ്യ, അരുണ ആസഫ് അലി, സുചേത കൃപലാനി തുടങ്ങിയ നേതാക്കൾ നേതൃത്വം നൽകി. ബോംബെ നഗരത്തിൽ നിന്ന് രഹസ്യമായി സംപ്രേഷണം ചെയ്ത 'കോൺഗ്രസ് റേഡിയോ' വഴി നേതാക്കൾ സമരക്കാരോട് സംസാരിച്ചു. | |

© State Assessment Cell, SCERT Kerala

| | | | |
|---|---|---|---|
| | 5 | • ഉത്തർപ്രദേശിലെ ബല്ലിയയിൽ ചിട്ടു പാണ്ഡെയുടെ നേതൃത്വത്തിൽ സമാന്തരഭരണം സ്ഥാപിക്കപ്പെട്ടു.<br>• മഹാരാഷ്ട്രയിലെ സത്താറയിൽ നാനാപാട്ടീലിന്റെ നേതൃത്വത്തിൽ നിലവിൽ വന്ന ഭരണകൂടം 1945 വരെ നിലനിന്നു.<br>• ബംഗാളിലെ താംലൂക്കിൽ നിലവിൽ വന്ന ഭരണകൂടം ഒരു വർഷക്കാലം വരെ തുടർന്നു. വിദ്യാലയങ്ങൾക്ക് സഹായം നൽകിയും കോടതികൾ സ്ഥാപിച്ചും മിച്ചമുള്ള ധാന്യം ദരിദ്രർക്ക് നൽകിയും ഭരണകൂടം മികച്ച പ്രവർത്തനം കാഴ്ച്ചവച്ചു.<br>**അല്ലെങ്കിൽ**<br>B)<br>ഗ്രെക്കോ റോമൻ സംസ്കാരത്തിന്റെ സ്വാധീനം – (ഗ്രെക്കോ–റോമൻ ശൈലി) – റോമൻ നിയമങ്ങൾ - ലാറ്റിൻ ഭാഷ – കോൺസ്റ്റാന്റിനോപ്പിൾ - തുർക്കി ആക്രമണം – സ്കോളാസ്റ്റിസിസം – മാനവികത – യുക്തിചിന്ത – മതേതരമൂല്യങ്ങൾ - പ്രാദേശിക ഭാഷകൾ - കല-ശാസ്ത്ര രംഗങ്ങളിലെ മാറ്റങ്ങൾ - വാണിജ്യ പുരോഗതി – ഫ്യൂഡൽ വ്യവസ്ഥയുടെ നിഷേധം. ഈ ആശയങ്ങൾ വിവരിച്ചെഴുതണം.<br>പ്രാചീനകാലത്തിന്റെ പുനരുത്ഥാനവും മധ്യകാലത്തിന്റെ നിഷേധവുമായിരുന്നു. | |
| 31 | 5 | A) ഭൂദ്രവ്യശോഷണം<br>കേരളത്തിലെ ഉരുൾപൊട്ടൽ (Urulpottal) ബാഹ്യജന്യ ചലനങ്ങളുടെ ഭാഗമായ ദ്രവ്യനീക്കം എന്ന പ്രക്രിയയിലാണ് (mass wasting) ഉൾപ്പെടുന്നത്.<br>ഉണ്ട് - അതിതീവ്ര മഴ, കുത്തനെയുള്ള മലനിരകൾ, വനനശീകരണം, ഉരുൾപൊട്ടൽ സാധ്യതയുള്ള മലനിരകളിലെ  അശാസ്ത്രീയ കൃഷി രീതികൾ, നിർമ്മാണപ്രവർത്തനങ്ങൾ, സ്വാഭാവിക ജലനിർഗമന മാർഗങ്ങൾ  തടസ്സപ്പെടുത്തുക  എന്നിവ മൂലം കേരളത്തിലെ നിരവധി മലയോര പ്രദേശങ്ങളിൽ ഉരുൾപൊട്ടലിന് അനുകൂലമായ സാഹചര്യമാണുള്ളത്.<br>**ദുരന്തസമയത്ത്**<br>• പരിഭ്രാന്തരാകാതെ സംയമനം പാലിക്കുക | |

© State Assessment Cell, SCERT Kerala

| | | | |
|---|---|---|---|
| | 5 | • ഉരുൾപൊട്ടൽ സമയത്ത് വീടിനകത്താണെങ്കിൽ ബലമുള്ള ഒരു മേശയുടെയോ കട്ടിലിന്റെയോ കീഴെ അഭയം തേടുക.<br>**ദുരന്തത്തിന് ശേഷം**<br>• ആംബുലൻസിനും മറ്റ് വാഹനങ്ങൾക്കും സുഗമമായി കടന്നുപോകാനുള്ള സാഹചര്യം ഒരുക്കുക.<br>• ഉരുൾപൊട്ടലുണ്ടായ സ്ഥലങ്ങളിൽ വീണുകിടക്കുന്ന വൈദ്യുതിലൈനുകൾ കണ്ടാൽ ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപ്പെടുത്തുക.<br>**അല്ലെങ്കിൽ**<br>B)<br>ഒരു ദിവസത്തെ കൂടിയ താപനിലയും കുറഞ്ഞ താപനിലയും തമ്മിലുള്ള വ്യത്യാസമാണ് ദൈനിക താപാന്തരം<br>ദൈനികതാപാന്തരം = കൂടിയ താപനില – കുറഞ്ഞ താപനില<br>$32^oc - 17^oc = 15\ ^oc$<br>ദൈനിക ശരാശരി താപനില<br>$= \frac{\text{കൂടിയ താപനില} + \text{കുറഞ്ഞ താപനില}}{2}$<br>$\frac{32+17}{2} = \frac{49}{2} = 24.5^oc$<br>തിരുവനന്തപുരം<br>തിരുവനന്തപുരം സമുദ്ര സാമീപ്യമുള്ള പ്രദേശം ആയതിനാലാണ് ദൈനികതാപാന്തരം കുറവ് അനുഭവപ്പെടുന്നത്. എന്നാൽ കാൺപൂർ സമുദ്രത്തിൽ നിന്നും അകലെ സ്ഥിതി ചെയ്യുന്നു. അവിടെ സമുദ്രസാമീപ്യം അനുഭവപ്പെടാത്തതിനാൽ ദൈനികതാപാന്തരം കൂടുതൽ ആയിരിക്കും. | |

© State Assessment Cell, SCERT Kerala